REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 29-04-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ആറാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്, വിജ്ഞാപനം പുറപ്പെടുവിച്ചു. ആറ് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ ഡൽഹിയിലെയും 57 മണ്ഡലങ്ങളിൽ അടുത്തമാസം 25 ന് വോട്ടെടുപ്പ്.
- നാലാം ഘട്ട വോട്ടെടുപ്പിന് പത്രിക പിൻവലിക്കാൻ സമയ പരിധി ഇന്ന് അവസാനിക്കും .
- മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രചാരണ ഗാനത്തിന്റെ ഉള്ളടക്കം പരിഷ്ക്കരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ആം ആദ്മി പാർട്ടിയ്ക്ക് നിർദ്ദേശം നൽകി.
- പാലക്കാട്, തൃശൂർ, കൊല്ലം ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ഇന്നും ഉഷ്ണതരംഗ സാഹചര്യം നിലനിൽക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
- ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ് ഫൈനലിൽ.

## വാർത്തകൾ വിശദമായി

ആറാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്, തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. ആറ് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ ഡൽഹിയിലെയും 57 ലോക്സഭാ സീറ്റുകളിലേക്ക് അടുത്തമാസം 25 നാണ് വോട്ടെടുപ്പ്. അടുത്ത മാസം ആറു വരെ പത്രിക നൽകാം.

ഡൽഹിയിലെ ഏഴ് സീറ്റുകളിലും, ഹരിയാനയിലെ പത്ത് സീറ്റിലും ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. ഉത്തർപ്രദേശിൽ 14 ഉം, ബിഹാർ,

പശ്ചിമബംഗാൾ സംസ്ഥാനങ്ങളിൽ എട്ടു വീതവും, ഒഡീഷയിൽ ആറും, ഝാർഖണ്ഡിൽ നാലും സീറ്റുകളിലും ആറാം ഘട്ടത്തിലാണ് വോട്ടെടുപ്പ്.

✪✪✪

നാലാം ഘട്ട വോട്ടെടുപ്പിന് പത്രിക പിൻവലിക്കാൻ സമയ പരിധി ഇന്ന് അവസാനിക്കുന്നതോടെ മത്സരചിത്രം വ്യക്തമാകും. ഒൻപത് സംസ്ഥാനങ്ങളിലെയും, ജമ്മുകശ്മീരിലെയും 96 മണ്ഡലങ്ങളിൽ അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്.

ആന്ധ്രാപ്രദേശിലെ 25 ഉം, തെലങ്കാനയിലെ 17 ഉം, ഉത്തർപ്രദേശിലെ 13 ഉം, മഹാരാഷ്ട്രയിലെ 11 ഉം സീറ്റുകൾ ഇതിലുൾപ്പെടുന്നു.

✪✪✪

തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങളും പരസ്യ കോഡുകളും അനുസരിച്ച് പ്രചാരണ ഗാനത്തിന്റെ ഉള്ളടക്കം പരിഷ്ക്കരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ആം ആദ്മി പാർട്ടിയ്ക്ക് നിർദ്ദേശം നൽകി. പരിഷ്ക്കരിച്ച ശേഷം പ്രചാരണ ഗാനം സർട്ടിഫിക്കേഷനായി വീണ്ടും സമർപ്പിക്കാനും കമ്മീഷൻ ആവശ്യപ്പെട്ടു.

പരസ്യഗാനത്തിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ ഫോട്ടോ പിടിച്ചിരിക്കുന്ന ജനക്കൂട്ടത്തിന്റെ ഒരു പ്രത്യേക വാചകവും, ദൃശ്യവും എതിർത്താണ് കമ്മീഷൻ നടപടി.

അതേസമയം, ആദ്യമായാണ് ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രചാരണ ഗാനത്തിന് തിരഞ്ഞെടുപ്പ് കമ്മീഷൻ വിലക്കേർപ്പെടുത്തുന്നതെന്ന് ആം ആദ്മി പാർട്ടി കുറ്റപ്പെടുത്തി. പ്രചാരണ ഗാനം വസ്തുതകളെ അടിസ്ഥാനമാക്കിയായതിനാൽ മാതൃകാ പെരുമാറ്റച്ചട്ടം ലംഘിക്കുന്നില്ലെന്ന് മുതിർന്ന എഎപി നേതാവ് അതിഷി ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

മണിപ്പൂരിൽ ആറ് പോളിംഗ് സ്റ്റേഷനുകളിൽ നാളെ റീപോളിംഗ് നടക്കും. വെള്ളിയാഴ്ച നടന്ന വോട്ടിംഗിനിടെ അജ്ഞാതസംഘം വോട്ടിംഗ് യന്ത്രങ്ങൾ തകർത്ത നാലു കേന്ദ്രങ്ങളിലും, ഭീഷണി മൂലം വോട്ടിംഗ് തടസ്സപ്പെട്ട കേന്ദ്രത്തിലും, യന്ത്രത്തകരാർ മൂലം വോട്ടിംഗ് മുടങ്ങിയിടത്തുമാണ് റീപോളിംഗ്.

✪✪✪

CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വിശകലനത്തിനു വേണ്ടിയാണ് യോഗം . LDF കൺവീനറും കേന്ദ്ര കമ്മിറ്റിയംഗവുമായ EP ജയരാജനെതിരെ ഉയർന്ന ആരോപണവും യോഗം ചർച്ച ചെയ്തേക്കും.

✪✪✪

തനിക്കെതിരെ ഗൂഡാലോചന നടന്നുവെന്ന് LDF കൺവീനർ E.P ജയരാജൻ ആരോപിച്ചു. താൻ അങ്ങോട്ട് പോയി ആരെയും കണ്ടിട്ടില്ലെന്നും, ജാവ്ദേക്കറും നന്ദകുമാറും ആക്കുളത്തെ മകന്റെ ഫ്ലാറ്റിലേക്ക് കയറി വന്നത് മുന്നറിയിപ്പില്ലാതെയാണെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു. 5 മിനിറ്റിൽ അധികം സംസാരിച്ചില്ല. ശോഭ സുരേന്ദ്രനെ തൃശ്ശൂരിലോ ഡൽഹിയിലോ കണ്ടിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

തനിക്കെതിരായ ആരോപണങ്ങൾ മാധ്യമ സൃഷ്ടിയാണന്നും ജയരാജൻ പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞത് ഇരു കൈയ്യും നീട്ടി സ്വീകരിക്കുന്നുവെന്നും മുഖ്യമന്ത്രിയുടെ സന്ദേശം എല്ലാവർക്കുമായാണെന്നും അദ്ദേഹം അറിയിച്ചു. മനുഷ്യരാകുമ്പോൾ തെറ്റു പറ്റുമെന്നും അതൊക്കെ തിരുത്തി മുന്നോട്ടു പോകുമെന്നും ജയരാജൻ വ്യക്തമാക്കി.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഈ വർഷം ഹജ്ജിന് പോകുന്നവരുടെ മൂന്നാം ഗഡു അടക്കേണ്ട സമയപരിധി ശനിയാഴ്ച വരെ നീട്ടി. അപേക്ഷകർ രേഖപ്പെടുത്തിയ ഹജ്ജ് എംബാർക്കേഷൻ പോയന്റ് അടിസ്ഥാനത്തിലാണ് ബാക്കി തുക അടക്കേണ്ടത്.

✪✪✪

കരിപ്പൂർ വിമാനത്താവള വികസനത്തിനായി ഏറ്റെടുത്ത ഭൂമിയിലെ വീടുകൾ പൊളിക്കുന്ന പ്രവൃത്തി തുടങ്ങി. റെസ വിപുലീകരണത്തിന്റെ മുന്നോടിയായാണ് അതോറിറ്റി ഏറ്റെടുത്ത ഭൂമിയിലെ വീടുകൾ പൊളിക്കുന്നത്. പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിലായി 39 വീടുകളാണ് പൊളിച്ചുനീക്കുന്നത്.

റൺവേയിൽനിന്ന് വിമാനം മുന്നോട്ട് തെന്നിയാൽ പിടിച്ച് നിർത്തുന്ന ചതുപ്പുനിലമാണ് റൺവേ എൻഡ് സേഫ്റ്റി ഏരിയ - റെസ . കരിപ്പൂരിൽ നിലവിൽ 2,860 മീറ്റർ റൺവേയാണുള്ളത്.

✪✪✪

ഗുജറാത്തിലെ പോർബന്തർ തീരത്ത് പാകിസ്ഥാൻ ബോട്ടിൽ നിന്ന് 600 കോടി രൂപയുടെ 86 കിലോ മയക്കുമരുന്ന് ഇന്ത്യൻ കോസ്റ്റ് ഗാർഡ് പിടികൂടി. കപ്പലിലുണ്ടായിരുന്ന 14 പേരെ അറസ്റ്റ് ചെയ്തു. അറബിക്കടലിൽ ഗുജറാത്ത് ഭീകര വിരുദ്ധ സ്ക്വാഡ്, നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ എന്നിവയുമായി ചേർന്ന് രാത്രി മുഴുവൻ നടത്തിയ പരിശോധനയിലാണ് മയക്കുമരുന്ന് പിടിച്ചെടുത്തതെന്ന് ഔദ്യോഗിക വാർത്താ കുറിപ്പ് അറിയിച്ചു.

കൂടുതൽ അന്വേഷണങ്ങൾക്കായി ജീവനക്കാരെയും, പാകിസ്ഥാൻ ബോട്ടും പോർബന്തറിൽ എത്തിച്ചു.

✪✪✪

പാലക്കാട്, തൃശൂർ, കൊല്ലം ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ഇന്നും ഉഷ്ണതരംഗ സാഹചര്യം നിലനിൽക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...........

തുടർച്ചയായ ദിവസങ്ങളിൽ അതിതീവ്രമായ ചൂട് രേഖപ്പെടുത്തിയതിന്റേയും, അടുത്ത ദിവസങ്ങളിലും പാലക്കാട് ജില്ലയിൽ 41 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും, താപനില ഉയരുമെന്ന പ്രവചനത്തിന്റെയും അടിസ്ഥാനത്തിലാണ് ഉഷ്ണതരംഗ മുന്നറിയിപ്പ്.

ഉഷ്ണതരംഗം അതീവ ജാഗ്രത വേണ്ട സാഹചര്യമാണെന്നും കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. സൂര്യാഘാതവും സൂര്യാതപവും ഏൽക്കാൻ സാധ്യത കൂടുതലാണ്. സൂര്യാഘാതം മരണത്തിലേക്ക് വരെ നയിച്ചേക്കാം. അതിനാൽ പകൽ സമയത്ത് പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കണം. ശരീരത്തിൽ നേരിട്ട് വെയിലേൽക്കുന്ന എല്ലാതരം പുറം ജോലികളും, കായിക വിനോദങ്ങളും, മറ്റ് പ്രവർത്തനങ്ങളും പൂർണ്ണമായും നിർത്തി വെക്കണമെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി. /

ധാരാളമായി വെള്ളം കുടിക്കുക. അത്യാവശ്യങ്ങൾക്ക് മാത്രം പുറത്തിറങ്ങുക. പുറത്തിറങ്ങുമ്പോൾ നിർബന്ധമായും കുടയും പാദരക്ഷയും ഉപയോഗിക്കുക. കായികാദ്ധ്വാനമുള്ള ജോലികളിൽ ഏർപ്പെടുന്നവർ ഇടവേളകൾ എടുത്തും വിശ്രമിച്ച് കൊണ്ടും മാത്രം ജോലിയിൽ ഏർപ്പെടുക. നിർജലീകരണം ഉണ്ടാക്കുന്ന മദ്യം, കാർബണേറ്റഡ് പാനീയങ്ങൾ, ചായ കാപ്പി എന്നിവ പകൽ സമയത്ത് പൂർണ്ണമായും ഒഴിവാക്കണമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നും നാളെയും എട്ട് ജില്ലകളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ ജില്ലകളിലാണ് മഴയ്ക്ക് സാധ്യത. ബുധൻ, വ്യാഴം ദിവസങ്ങളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട് വയനാട് ജില്ലകളിലും മഴ ലഭിച്ചേക്കും.

ലക്ഷദ്വീപ് പ്രദേശത്ത് മണിക്കൂറിൽ 55 വരെ കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും ലക്ഷദ്വീപ് പ്രദേശത്ത് മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

വേനൽച്ചൂട് രൂക്ഷമായതോടെ മലപ്പുറത്ത് കമുക് കൃഷി പ്രതിസന്ധിയിലായി. ചൂടും ജലക്ഷാമവും കാരണം ആദ്യം പട്ടകളും പിന്നീട് തടിയും ഉണങ്ങിപ്പോകുന്നു. ചെറിയ തൈകളെയാണ് ഇത് കൂടുതൽ ബാധിക്കുന്നത്. ചിലയിടങ്ങളിൽ മഞ്ഞളിപ്പ് രോഗവും കണ്ടുവരുന്നു. കീഴാറ്റൂർ, മേലാറ്റൂർ പഞ്ചായത്തുകളിലും മലയോര മേഖലയായ എടപ്പറ്റ, വെട്ടത്തൂർ പഞ്ചായത്തുകളിലും കമുക് കർഷകർ ദുരിതത്തിലാണെന്ന് ഞങ്ങളുടെ പ്രതിനിധി റിപ്പോർട്ട് ചെയ്തു. വേനൽ മഴ ഇല്ലാത്തതും ദുരിതത്തിന് ആക്കംകൂട്ടി. പുഴകളിലും തോടുകളിലും വെള്ളം വറ്റിയതിനാൽ ജലസേചനവും സാധ്യമല്ല. വേനൽ മഴ ലഭിച്ചാൽ മാത്രമേ ആശങ്കയ്ക്ക് ഒരുപരിധിവരെ പരിഹാരമുണ്ടാകൂവെന്നാണ് കർഷകർ പറയുന്നത്.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ് ഫൈനലിൽ. കൊൽക്കത്തയിൽ രണ്ടാംപാദ സെമി യിൽ ഒഡിഷ എഫ്സിയെ മറുപടിയില്ലാത്ത രണ്ട് ഗോളിന് തോൽപ്പിച്ചാണ് മോഹൻ ബഗാൻ ഫൈനലിൽ പ്രവേശിച്ചത്.

ഇന്ന് നടക്കുന്ന എഫ്സി ഗോവ--മുംബൈ സിറ്റി സെമിയിലെ ജേതാക്കളെ ഫൈനലിൽ മോഹൻ ബഗാൻ നേരിടും. ശനിയാഴ്ച്ചയാണ് ഫൈനൽ.

✪✪✪

IPL ക്രിക്കറ്റിൽ ചെന്നൈയിൽ, ചെന്നൈ സൂപ്പർ കിങ്സ് 78 റൺസിന് സൺറൈസേഴ്സ് ഹൈദരാബാദിനെ തോൽപ്പിച്ചു. അഹമ്മദാബാദിൽ നടന്ന ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഒൻപത് വിക്കറ്റിന് ഗുജറാത്ത് ടൈറ്റൻസിനെ പരാജയപ്പെടുത്തി .

ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30 ന് കൊൽക്കത്ത ഈഡൻ ഗാർഡനിലാണ് മത്സരം.

✪✪✪

ബംഗ്ലാദേശിൽ ഇന്ത്യ - ബംഗ്ലാദേശ് വനിതാ ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് 44 റൺ ജയം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ ഏഴു വിക്കറ്റ് നഷ്ടത്തിൽ 145 റൺസ്

എടുത്തു. 146 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബംഗ്ലാദേശിന് നിശ്ചിത ഓവറിൽ എട്ടു വിക്കറ്റ് നഷ്ടത്തിൽ 101 റൺസ് എടുക്കാനെ കഴിഞ്ഞുള്ളു.

അഞ്ചു മത്സര പരമ്പരയിലെ അടുത്ത മത്സരം നാളെ നടക്കും.

✪✪✪

ഷാങ്ഹായിൽ അമ്പെയ്ത്ത് ലോകകപ്പ് പുരുഷൻമാരുടെ റിക്കർവ് ഇനത്തിൽ ഇന്ത്യയ്ക്ക് സ്വർണം. സ്റ്റേജ് വൺ മത്സരത്തിൽ ഇന്ത്യയുടെ ധീരജ് ബൊമ്മദേവര, തരുൺദീപ് റായി, പ്രവീൺജാദവ് എന്നിവരുൾപ്പെട്ട ടീമാണ് സ്വർണം നേടിയത്. 14 വർഷത്തിനു ശേഷമാണ് അമ്പെയ്ത്ത് ലോകകപ്പിൽ ഇന്ത്യൻ പുരുഷ ടീം ജേതാക്കളാകുന്നത്.

✪✪✪

കണ്ണൂരിൽ നടക്കുന്ന സീനിയർ സൂപ്പർ ഡിവിഷൻ ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ബ്രദേഴ്സ് ക്ലബ്ബ് കണ്ണൂർ, മറുപടിയില്ലാത്ത ഒരു ഗോളിന് പയ്യന്നൂർ കോളേജിനെ പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ സ്പോർട്സ് ഡെവലപ്മെൻറ് ട്രസ്റ്റ് ഒന്നിനെതിരെ മൂന്നു ഗോളുകൾക്ക് ലക്കി ബോയ്സ് കണ്ണൂരിനെ തോൽപ്പിച്ചു.

ഇന്ന് കണ്ണൂർ യുണൈറ്റഡ് എഫ്സി, കാഞ്ഞിരോട് ജനത സ്പോർട്സ് ക്ലബ്ബുമായും, വളപട്ടണം ടൗൺ ഫുട്ബോൾ കോച്ചിംഗ് സെൻറർ, മയ്യിൽ യംങ്ങ് ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബുമായും മത്സരിക്കും.

✪✪✪

തിരുവനന്തപുരം മുതലപ്പൊഴിയിൽ പുലർച്ചെ വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളിയെ കാണാതായി. പുതുക്കുറിച്ചി സ്വദേശി ജോണിനെയാണ് കാണാതായത്.

✪✪✪

തമിഴ്നാട്ടിൽ തെങ്കാശി ജില്ലയിലെ ശങ്കരൻകോവിലിനടുത്ത് വെള്ളം നിറഞ്ഞ കുഴിയിൽ കാർ വീണ് ദമ്പതികൾ മരിച്ചു. തിരുനെൽവേലി സ്വദേശികളായ വെങ്കിടേഷ്, സുമിത്ര എന്നിവരാണ് മരിച്ചത്.

✪✪✪

കോട്ടക്കൽ ആര്യവൈദ്യശാലാ ചാരിറ്റബിൾ ആശുപത്രിയുടെ ശതാബ്ദി ആഘോഷം ഇന്ന് ആരംഭിക്കും. ആഘോഷത്തിന്റെ ഉദ്ഘാടനവും ലോഗോ പ്രകാശനവും വൈകിട്ട് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നിർവഹിക്കും. ശതാബ്ദി ലോഗോ മാനേജിങ് ട്രസ്റ്റി ഡോ. പി എം വാരിയർ പ്രകാശനം ചെയ്യും.

ആഘോഷങ്ങളുടെ ഭാഗമായി സെമിനാറുകൾ, പ്രഭാഷണങ്ങൾ, പ്രദർശനം, സാംസ്കാരിക പരിപാടികൾ, വൈദ്യരത്നത്തിന്റെ ജീവിതത്തെ അവലംബമാക്കി രചിച്ച നാടകം എന്നിവയുണ്ടാകും.

✪✪✪

ആയുർവേദ ചികിത്സ സമ്പ്രദായത്തിനെതിരായി നടത്തി വരുന്ന പ്രചരണങ്ങൾ പ്രസക്തമല്ലാത്ത ചില നിർമ്മിത പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ളതും, ആയുർവേദത്തെ ഇല്ലായ്മ ചെയ്യാൻ നടത്തുന്ന ഗൂഢ പദ്ധതിയുടെ ഭാഗമാണെന്നും ആയുർവേദ മെഡിക്കൽ അസോസിയേഷൻ കണ്ണൂർ ജില്ലാ സമ്മേളനം ആരോപിച്ചു. ഗവൺമെന്റ് അംഗീകാരത്തോടെ പതിറ്റാണ്ടുകളായി കേരളത്തിലെ പൊതുജനാരോഗ്യരംഗത്തെ സജീവ സാന്നിദ്ധ്യമായ ആയുർവേദ ചികിത്സക്കെതിരെ നടത്തി വരുന്ന പ്രചരണങ്ങളെ തടയാൻ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉൽഘാടനം ചെയ്തു.

✪✪✪

കോഴിക്കോട് കോർപ്പറേഷനിലും ഫറോക്ക് മുൻസിപാലിറ്റിയിലും 13 സമീപ പഞ്ചായത്തുകളിലും ഇന്നും നാളെയും ജലവിതരണം മുടങ്ങുമെന്ന് അധികൃതർ അറിയിച്ചു.

ചക്കിട്ടപ്പാറ സബ്സ്റ്റേഷനിൽ വാർഷിക അറ്റകുറ്റപണി നടക്കുന്നത് കാരണം വൈദ്യുതി വിതരണം ഇല്ലാത്തതിനാൽ ജല അതോറിറ്റിയുടെ പെരുവണ്ണാമൂഴി ജല ശുദ്ധീകരണശാലയിൽ നിന്നു ജലവിതരണം പൂർണ്ണമായി തടസ്സപ്പെടുന്നതാണ് കാരണം.

✪✪✪